ഫെയർ റിവിഷൻ കമ്മിറ്റി

185 (635) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബസ്, ടാക്സി, ഓട്ടോറിക്ഷ തുടങ്ങിയ വാഹനങ്ങളുടെ നിരക്കുകൾ കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുന്നതിനുവേണ്ടി ഫെയർ റിവിഷൻ കമ്മിറ്റി രൂപീകരിക്കുന്നകാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) കമ്മിറ്റിയുടെ ഘടന സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(സി) ടാക്സി, ഓട്ടോറിക്ഷ നിരക്കുകൾ എന്നുമുതലാണ് പുതുക്കി നിശ്ചയിച്ചത് ; പുതുക്കിയ നിരക്കുകളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഏതെല്ലാം പ്രദേശങ്ങളിൽ ടാക്സികളിലും ഓട്ടോറിക്ഷകളിലും മീറ്ററുകൾ നിർബന്ധമാക്കിയിട്ടുണ്ട് ; മീറ്റർ നിരക്കിൽ കൂടുതൽ ഈടാക്കുന്നതായുള്ള പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 19-8-2010-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 61/2010/ട്രാൻ. പ്രകാരം ഫെയർ റിവിഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി) 14-1-2011-ലെ ജി.ഒ.(പി)നമ്പർ 2/2011/ട്രാൻ. പ്രകാരമാണ് ടാക്സി, ഓട്ടോറിക്ഷ നിരക്കുകൾ അവസാനം പുതുക്കി നിശ്ചയിച്ചത്. വിശദാംശങ്ങൾ അടങ്ങിയ വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(ഡി) സംസ്ഥാനത്തെ മുഴുവൻ പ്രദേശത്തും ഫെയർ മീറ്റർ നിർബന്ധമാണ്. ഫെയർ മീറ്റർ ഘടിപ്പിച്ചാൽമാത്രമേ വാഹനത്തിന് രജിസ്ട്രേഷനും ഫിറ്റ്നസ് സർട്ടിഫിക്കറ്റും നൽകുകയുള്ളൂ. അമിത ചാർജ്ജ് ഈടാക്കിയ പരാതികളിൽ ഓട്ടോറിക്ഷകളിൽനിന്നും പിഴ ഈടാക്കുകയും പെർമിറ്റും ഡ്രൈവിംഗ് ലൈസൻസും റദ്ദാക്കുന്നതുൾപ്പെടെയുള്ള കർശന നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly